©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2018-20

കേരള ഗസററ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 9
Vol. IX

തിരുവനന്തപുരം, ചൊവ്വ
Thiruvananthapuram, Tuesday

2020 മാർച്ച് 10
10th March 2020
1195 കുംഭം 26
26th Kumbham 1195
1941 ഫാൽഗുനം 20
20th Phalguna 1941

നമ്പർ
No. 10

PART III

Department of National Employment Services

ശരിയായ കരിയർ തിരഞ്ഞെടുക്കുന്നതിന് കരിയർ ജാലകം

ഒരു രാഷ്ട്രത്തിന്റെ സാമൂഹിക സാമ്പത്തിക വളർച്ചയ്ക്കും അഭിവൃദ്ധിക്കും പിൻബലം നൽകുന്നതിൽ പ്രഥമസ്ഥാനം വിദ്യാഭ്യാസത്തിനാണ്. ഏതൊരു വ്യക്തിയുടെയും മഹത്തായ ഒരു കരിയർ ആരംഭിക്കുന്നത് ഗുണകരമായ വിദ്യാഭ്യാസത്തിൽ നിന്നാണ്. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന സാങ്കേതിക വിദ്യകൾ കരിയർ മേഖലയിലാകെ പരിവർത്തനങ്ങൾ സൃഷ്ടിച്ചു മുന്നേറുകയാണ്. അതിനാൽ തൊഴിലവസരങ്ങൾ ഉറപ്പാക്കുന്ന വിദ്യാഭ്യാസം വിദ്യാർത്ഥികൾക്ക് നൽകേണ്ടത് ഇന്നിന്റെ ഏറ്റവും വലിയ ആവശ്യകതയാണ്. മാറിവരുന്ന തൊഴിൽ മേഖലയ്ക്കനുസരിച്ച് ഉദ്യോഗാർത്ഥികൾക്ക് പുതിയ ദിശാബോധം നൽകി, അവരുടെ അഭിരുചിയ്ക്കനുസരിച്ച് ശരിയായ കരിയർ പടുത്തുയർത്തുന്നതിനാവശ്യമായ കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിനുള്ള വഴികാട്ടിയായി കരിയർ ജാലകം ലഘുലേഖ വർത്തിക്കുന്നു.

എസ്. എസ്. എൽ. സി., പ്ലസ് ടു, ബിരുദ തലങ്ങളിലെ പഠന ശേഷമുള്ള ഉന്നത വിദ്യാഭ്യാസ കോഴ്സുകൾ, ലഭ്യമായ തൊഴിലവസരങ്ങൾ എന്നിവ സംബന്ധിച്ച് ഈ ലഘുലേഖയിൽ പ്രതിപാദിക്കുന്നു. പ്ലസ് ടു തലത്തിൽ സയൻസ്, കോമേഴ്സ്, ഹ്യൂമാനിറ്റീസ് എന്നീ മൂന്നു വിഭാഗങ്ങളിലും ബിരുദ തലത്തിൽ ബി. എ./ബി. കോം., ബി. എസ്. സി. എന്നീ രണ്ടു വിഭാഗങ്ങളിലും കരിയർ ജാലകം ലഘുലേഖ ലഭ്യമാണ്. ശാസ്ത്ര സാങ്കേതിക മേഖലയിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ച് അറിവ് പകരുന്ന ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ചും ലഘുലേഖ ലഭ്യമാണ്. ഈ ലഘുലേഖ സൗജന്യമായി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന് കീഴിലുള്ള ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോകളിലും കരിയർ ഡെവലപ്മെന്റ് സെന്ററുകളിലും ലഭ്യമാണ്.

പത്താം ക്ലാസ്സിനുശേഷം പഠിക്കാവുന്ന വിവിധ കോഴ്സുകൾ

1. ഹയർ സെക്കന്ററി എഡ്യൂക്കേഷൻ
   - (a) സയൻസ് ഗ്രൂപ്പ് (+1, +2)
   - (b) കോമേഴ്സ് ഗ്രൂപ്പ് (+1, +2)
   - (c) ഹ്യൂമാനിറ്റീസ് ഗ്രൂപ്പ് (+1, +2)
2. സാങ്കേതിക വിദ്യാഭ്യാസം (പോളിടെക്നിക് ഡിപ്ലോമകൾ)
3. വ്യാവസായിക പരിശീലനം (ITI കോഴ്സുകൾ)
4. ഹോസ്പിറ്റാലിറ്റി
5. വിനോദ സഞ്ചാരം
6. സഹകരണ പഠനം
7. സെക്രട്ടേറിയൽ പ്രാക്ടീസ്
8. ഫാഷൻ ടെക്നോളജി
9. ആയുർവേദ, ഹോമിയോ ഫാർമസി

10. ലൈബ്രറി സയൻസ്
11. ടൈപ്പ് റൈറ്റിങ്
12. സ്റ്റെനോഗ്രാഫി
13. സർട്ടിഫിക്കറ്റ് കോഴ്സസ് ഇൻ
    (a) എത്തിക്കൽ ഹാക്കിങ്
    (b) വെബ് ഡിസൈനിങ്
    (c) ഗ്രാഫിക് ഡിസൈനിങ്
    (d) ആപ്പ് ഡെവലപ്മെന്റ്
14. ഡിപ്ലോമ ഇൻ വൊക്കേഷൻ
    (a) ഓട്ടോമൊബൈൽ
    (b) അഗ്രിക്കൾച്ചർ
    (c) ഫുഡ് പ്രോസസിംഗ്
    (d) റീട്ടെയിൽ മാനേജ്മെന്റ്
15. വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സുകൾ
16. സർട്ടിഫൈഡ് അക്കൗണ്ടിംഗ് ടെക്നീഷ്യൻ കോഴ്സ്
17. കംപ്യൂട്ടർ കോഴ്സസ്
18. ഭാഷാ പഠനം

പ്ലസ്ടുവിനുശേഷം പഠിക്കാവുന്ന കോഴ്സുകൾ

1. ബിരുദ പഠനം (ബി. എ., ബി.കോം., ബി. എസ്. സി., ബി. സി. എ., ബി. ബി. എ., B.Voc.)
2. പ്രൊഫഷണൽ ബിരുദ പഠനം (ബി. എ. എൽ. എൽ. ബി., ബി.കോം. എൽ. എൽ. ബി., മെഡിസിൻ, എഞ്ചിനീയറിംഗ്, അഗ്രിക്കൾച്ചർ, ലൈബ്രറി സയൻസ്)
3. ട്രാവൽ & ടൂറിസം
4. ഇന്റഗ്രേറ്റഡ്/Dual പഠനം (ബി.എസ്.സി./എം.എസ്.സി., എം.എസ്.സി./പി. എച്ച്. ഡി.)
5. പാരാ മെഡിക്കൽ ബിരുദ/ഡിപ്ലോമ കോഴ്സുകൾ (ബി.ഫാം., നഴ്സിംഗ് തുടങ്ങിയവ)
6. മറ്റ് ഡിപ്ലോമ കോഴ്സുകൾ (ജേർണലിസം, മീഡിയ കോഴ്സുകൾ, ഡിസൈനർ, മാസ്സ് കമ്മ്യൂണിക്കേഷൻ, ഫിലിം ടെലിവിഷൻ കോഴ്സുകൾ)
7. പ്രതിരോധം (നേവി, ആർമി, ഫയർഫോഴ്സ്)
8. സി. എ./ഐ.സി.ഡബ്ല്യു. എ. കോഴ്സുകൾ, കമ്പനി സെക്രട്ടറി
9. കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സുകൾ
10. വിദേശ ഭാഷാ പഠനം
11. കാബിൻക്രൂ/എയർഹോസ്റ്റസ്
12. ബി. എഫ്. എ.

ബി. എ./ബി. കോം./ബി. എസ്. സി.-ക്ക് ശേഷം പഠിക്കാവുന്ന കോഴ്സുകൾ

1. ബിരുദാനന്തര ബിരുദ കോഴ്സുകൾ (MA, M.Com., M.Sc., MCA, M.Voc., M.Ed., M.Phil.)
2. നിയമ പഠനം
3. ബി. എഡ്.
4. പി. ജി. ഡിപ്ലോമ in
    (a) Management
    (b) Computer Application
    (c) Hotel Management
    (d) Digital Marketing
    (e) International Business
    (f) Human Resource Management
    (g) Banking & Finance
    (h) Software Engineering
    (i) Machine Learning
    (j) Mobile App Development
    (k) Public Policy & Management
    (l) Disaster Management
5. M.LISc. (ലൈബ്രറി സയൻസ്)
6. MBA
7. പ്രൊഫഷണൽ കോഴ്സുകൾ (എം. ഡി.- മെഡിസിൻ, M.Tech., ME)
8. Tally
9. Business Accounting & Taxation
10. എം. എഫ്. എ.

നാഷണൽ എംപ്ലോയ്മെന്റ്
സർവ്വീസസ് ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

(ഒപ്പ്)
ഡയറക്ടർ.